പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *294** **08.11.2019-ൽ മറുപടിയ്ക്ക്**

## മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി സി.കെ. ആശ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ. രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നഗര ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, വികസനം, ഏകോപനം, നിയന്ത്രണം എന്നീ ലക്ഷ്യങ്ങളോടുകൂടി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭ പാസ്സാക്കിയ ശേഷം മാത്രമേ ആ നിയമപ്രകാരം അതോറിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഓരോ കോർപ്പറേഷനും പ്രത്യേക ട്രാൻസ്പോർട്ട് അതോറിറ്റികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ; | | |
| (സി) | സമഗ്ര മൊബിലിറ്റി പ്ലാൻ പ്രാദേശിക വികസന പ്ലാനുമായി സംയോജിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ആയത് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇടതടവില്ലാത്ത ഗതാഗതത്തിനും (സീംലെസ് ട്രാൻസ്പോർട്ട്) മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോറിറ്റി വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ? | (ഡി) | ബന്ധപ്പെട്ട ബില്ലിലെ 12-ാം ഖണ്ഡം പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള വിവിധ കർത്തവ്യങ്ങളിലും, ചുമതലകളിലും ഇടതടവില്ലാതെ ഗതാഗതത്തിനും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗര ഗതാഗതത്തിന്റെ ആസൂത്രണം, ഏകോപനം, മേൽനോട്ടം, വികസനം, നിയന്ത്രണം എന്നിവ ഈ അതോറിറ്റിയുടെ അധികാരത്തിലായിരിക്കും. |

സെക്ഷൻ ഓഫീസർ